(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1181/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതും ടി കേസ്സിൽ ഉൾപ്പെട്ട 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും മറ്റ് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിനുവേണ്ട ഊർജ്ജിത അന്വേഷണം നടത്തിവരുന്നതുമാകുന്നു.

(ഡി) കുറ്റക്കാരായ പ്രതികളെ പിടികൂടി മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്നതാണ്.

മതപരിവർത്തനത്തിനെതിരെ നടപടി

159 (2978) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. ബി. സത്യൻ :

ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മതപരിവർത്തനം വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇത് റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിനകം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ പോലീസ് നേരിട്ട് കേസ്സെടുക്കുകയുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ; റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളെക്കുറിച്ച് വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന "ഘർവാപസി" ഘടകത്തിന്റെയും പുനർമത പരിവർത്തനത്തിനുള്ള ഹെൽപ് ലൈനിന്റെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ടോ ;

(ഇ) ഇത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ; ഇക്കാര്യത്തിൽ സംഘടനകളെ പ്രീണിപ്പിക്കുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(എഫ്) ജനങ്ങളെ വർഗ്ഗീയമായി ചേരിതിരിച്ച് മുതലെടുക്കാൻ ശ്രമിക്കുന്ന സംഘടനകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മതപരിവർത്തനം വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയതുമായി ബന്ധപ്പെട്ട് വർഗ്ഗീയ സംഘർഷവും മറ്റ് ക്രമസമാധാന പ്രശ്നങ്ങളും ഉണ്ടാകാതിരിക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സ്വന്തം ഇഷ്ടപ്രകാരം മതം മാറുന്നതിനാലും ഇത് സംബന്ധിച്ച് പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ലാത്തതിനാലും മതപരിവർത്തനത്തെ സംബന്ധിച്ച് പോലീസ് നേരിട്ട് കേസ്സെടുത്തിട്ടില്ല.

ആലപ്പുഴ ജില്ലയിലെ കായംകുളം പുതുപ്പള്ളി യക്ഷിയമ്മാൾ ക്ഷേത്രം, കരീലകുളങ്ങര ലക്ഷ്മിനാരായണ കുടുംബക്ഷേത്രം, കോട്ടയം ജില്ലയിലെ പൊൻകുന്നം പുതിയകാവ് ദേവിക്ഷേത്രം, തിരുനക്കര ശ്രീകൃഷ്ണക്ഷേത്രം, ഉഴവൂർ കരുനെച്ചിക്ഷേത്രം, ചോഴിയക്കാട് ശ്രീകൃഷ്ണക്ഷേത്രം, അരീക്കര സുബ്രഹ്മണ്യക്ഷേത്രം, കുറിച്ചി തൃക്കപാലേശ്വരം മഹാദേവക്ഷേത്രം, തൃശ്ശൂർ ജില്ലയിലെ പറളിക്കാട് എന്നിവിടങ്ങളിൽ പുനർമത പരിവർത്തനം നടന്നതായി അറിവായിട്ടുണ്ട്.

(ഡി) നിരീക്ഷിച്ചുവരുന്നു.

(ഇ) നിർബന്ധിത പരിവർത്തനം അല്ലാത്തതിനാലും ഇത് സംബന്ധിച്ച് പരാതികളൊന്നുംതന്നെ ലഭിക്കാത്തതിനാലും ഘർവാപ്പസി ഘടകത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ സംഘടനകളെ പ്രീണിപ്പിക്കുന്നു എന്ന ആക്ഷേപം ശരിയല്ല.

(എഫ്) ജനങ്ങളെ വർഗ്ഗീയമായി ചേരിതിരിച്ച് മുതലെടുക്കാൻ ശ്രമിക്കുന്ന സംഘടനകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഐ.ജി. കോപ്പിയടിച്ച സംഭവം

160 (2979) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ റേഞ്ച് ഐ.ജി., ടി.ജെ. ജോസ് കോപ്പിയടിച്ച നടപടിയുമായി ബന്ധപ്പെട്ട എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റ് ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് ഡി.ജി.പി.ക്ക് കിട്ടിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ ഡി.പി.ജി.-യുടെ ശിപാർശ എന്താണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly